നം.എൻ.എം.3/38948/10/ഡി.പി.ഐ.

വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 13.01.11

## സർക്കുലർ

വിഷയം : പൊ.വി. - ഉ.ഭ.പ. - വിദ്യാർത്ഥികൾക്കുള്ള പാൽ വിതരണപദ്ധതി - തുക അനുവദിച്ചു നൽകുന്നത് -സംബന്ധിച്ച്

സൂചന : 1) മിൽമ മാനേജിംഗ് ഡയറക്ടറുടെ 3.01.11-ലെ 48:എം.എം.ജി/29 നം. കത്ത്.

2) 13.01.11-ൽ ബഹു: പൊതു വിദ്യാഭ്യാസ സെക്രട്ടറിയുടെ ചേമ്പറിൽ കൂടിയ യോഗ തീരുമാനം.

* * * *

സംസ്ഥാനത്തെ സ്ക്കൂൾ വിദ്യാർത്ഥികൾക്ക് ആഴ്ചയിൽ 2 ദിവസം പാൽ നൽകുന്ന പദ്ധതി അനുസരിച്ച് പാൽ വിതരണം ചെയ്യുന്നതിന് മിൽമ ഏജൻസിയെ ചുമതലപ്പെടുത്തുകയും, അതനുസരിച്ച് പാൽ വിതരണം നടത്തിവരുന്നു. എന്നാൽ ബില്ലുകൾ യഥാസമയം ബന്ധപ്പെട്ട വിദ്യഭ്യാസ ഉപഡയറക്ടർമാർ മേലൊപ്പുവച്ച് നൽകാത്തതിനാൽ പാലിന്റെ വില യഥാസമയം ലഭിക്കുന്നില്ലെന്നും അതുമൂലം ടി പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് തടസ്സമാകുമെന്നും ടി യോഗത്തിൽ മിൽമ അധികൃതർ അറിയിക്കുകയുണ്ടായി. ആയതിനാൽ പാൽവിതരണ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് താഴെപറയുന്ന നിർദ്ദേശങ്ങൾ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും കർശനമായും, സമയബന്ധിതമായും പാലിക്കേണ്ടതാണ്.

1) മിൽമ അധികാരികൾ വിദ്യാഭ്യാസ ഉപഡയറക്ടറാഫീസിൽ സമർപ്പിക്കുന്ന ബില്ലുകൾ സ്ക്കൂളുകളിൽനിന്നോ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരിൽനിന്നോ ലഭിക്കുന്ന പാലിന്റെ കണക്കുകളുമായി ഒത്തുനോക്കി ബില്ല് ലഭിച്ച് ഒരാഴ്ചയ്ക്കകം ടി ബില്ലുകൾ മേലൊപ്പുവച്ച് തിരികെ നൽകേണ്ടതാണ്.

2) ഇനിയും പാൽ വിതരണം ആരംഭിച്ചിട്ടില്ലാത്ത സ്ക്കൂളുകളുടെ വിവരങ്ങൾ മിൽമ അധികാരികളെ അറിയിക്കേണ്ടതും ടി പദ്ധതി നടപ്പിലാക്കുവാൻവേണ്ട നടപടി സ്വീകരിക്കേണ്ടതുമാണ്.

3) പാൽ വിതരണത്തിന്റെ കൃത്യമായ കണക്ക് എല്ലാ മാസവും 10-ാം തീയതിക്കകം പൊതു വിദ്യാഭ്യാസ ഡയറക്ടറാഫീസിൽ ലഭ്യമാക്കേണ്ടതാണ്.

പൊതു വിദ്യാഭ്യാസ ഡയറക്ടർ

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

<u>പകർപ്പ്</u> : എല്ലാ ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർക്കും അറിവിലേയ്ക്കും അനന്തരനടപടിക്കുമായി അയക്കുന്നു. പാൽ വിതരണത്തിന്റെ കണക്കുകൾ യഥാസമയം വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് സമർപ്പിക്കേണ്ടതാണ്.